# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
### 2020 മാർച്ച് 24 ചൊവ്വ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


www.prd.kerala.gov.in.

videos: http://www.clipmail.kerala.gov.in

email: diothrissur@gmail.com


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## കോവിഡ് 19: ജില്ലയിൽ 11314 പേർ നിരീക്ഷണത്തിൽ; പോസറ്റീവ് കേസുകൾ ഇല്ല

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ എണ്ണം 11314 ആയി. വീടുകളിൽ 11285 പേരും ആശുപത്രികളിൽ 29 പേരുമാണ് നിരീക്ഷണത്തിലുള്ളത്. ചൊവ്വാഴ്ച (മാർച്ച് 24) 8 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 23 പേരെ വിടുതൽ ചെയ്തു. ജില്ലയിൽ ഇന്ന് പോസറ്റീവ് കേസുകൾ ഇല്ല. 33 സാമ്പിളുകളുടെ ഫലം വന്നതിൽ എല്ലാം നെഗറ്റീവാണ്. ഇതു വരെ 483 പേരുടെ സാമ്പിളുകൾ അയച്ചതിൽ 433 പേരുടെ ഫലം വന്നു. 43 പരിശോധനഫലങ്ങൾ ലഭിക്കാനുണ്ട്.

ജില്ലാ കൺട്രോൾ സെല്ലിലേക്ക് 738 അന്വേഷണങ്ങൾ ലഭിച്ചു. പരിശീലനം ലഭിച്ച സൈക്കോ-സോഷ്യൽ കൗൺസിലർമാർ വഴിയുള്ള കൗൺസലിങ് തുടരുകയാണ്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യവകുപ്പ്, പോലീസ്, ജില്ലാഭരണകൂടം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ശക്തൻ തമ്പുരാൻ പച്ചക്കറി-മീൻ-മാംസ മാർക്കറ്റുകളിൽ രാവിലെ 6 മുതൽ പരിശോധന തുടങ്ങി. ചരക്കുമായി എത്തിയ 106 ഇതരസംസ്ഥാന ഡ്രൈവർമാരെയും ക്ലീനർമാരെയും പരിശോധിച്ച് ബോധൽക്കരണ ക്ലാസ്സ് നൽകി. തേനി, മേട്ടുപാളയം, പൊള്ളാച്ചി, സത്യമംഗലം, ഉളിയംപട്ടി, പുലിമേട്, കോയമ്പത്തൂർ എന്നിവിടങ്ങളിൽ നിന്നുള്ള വാഹനതൊഴിലാളികൾക്കാണ് പരിശോധനയും ക്ലാസ്സും നടത്തിയത്. വിവിധ സന്നദ്ധസംഘടനകളുടെ സഹായവും ക്ലാസ്സുകൾക്ക് ഉണ്ടായിരുന്നു.

## കോവിഡ് 19: പരിശോധന ശക്തമാക്കി കടവല്ലൂർ പഞ്ചായത്ത് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം ലംഘിച്ചവർക്ക് നോട്ടീസ്

കോവിഡ് 19 ഭീതിയുടെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പിന്റെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിക്കാതെ നടക്കുന്നവരെ കണ്ടെത്തുന്നതിനും ഇത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും കടവല്ലൂർ പഞ്ചായത്തിൽ ആരോഗ്യ വിഭാഗവും കുന്നംകുളം പോലീസും ചേർന്ന് പരിശോധന ശക്തമാക്കി.

ആരോഗ്യവകുപ്പ് ഐസൊലേഷനിൽ കഴിയണമെന്ന് നിർദ്ദേശം നൽകിയിട്ടും ഇത് ലംഘിച്ച് പുറത്തിറങ്ങി നടന്ന എട്ടോളം പേർക്ക് നോട്ടീസ് നൽകി. നോട്ടിസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുമെന്ന് ആരോഗ്യ വിഭാഗം അറിയിച്ചു.

തുടർന്നുള്ള ദിവസങ്ങളിലും പഞ്ചായത്തിൽ കർശന പരിശോധന തുടരുമെന്നും വിദേശത്ത് നിന്ന് എത്തിയവർ നിയമവും ജാഗ്രതയും പാലിക്കണമെന്നും മുന്നറിയിപ്പ് ലംഘിക്കുന്നവർക്ക് നിയമനടപടി സ്വീകരിക്കുമെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി.

പരിശോധനയ്ക്ക് കുന്നംകുളം പോലീസ് സേനാംഗങ്ങൾ, പെരുമ്പിലാവ് ആരോഗ്യ വിഭാഗം ഹെൽത്ത് ഇൻസ്പെക്ടർ ജീജ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ടി ആർ ഉണ്ണികൃഷ്ണൻ, റോബിൻസൺ, രഞ്ജിത് എന്നിവർ നേതൃത്വം നൽകി.

## മായന്നൂർകാവ് താലപ്പൊലി മഹോത്സവം കൊണ്ടായി ദേശം വെടിക്കെട്ടിന് അനുമതിയില്ല

മായന്നൂർകാവ് താലപ്പൊലി മഹോത്സവം കൊണ്ടായി ദേശം ഏപ്രിൽ പത്തിന് വെടിക്കെട്ട് നടത്തുന്നതിനുള്ള അപേക്ഷ നിരസിച്ചു. എറണംകുളം ഡെപ്യൂട്ടി കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് നൽകിയ നിബന്ധന പാലിക്കുന്നതിന് അപേക്ഷകന് സാധിച്ചില്ല. കൂടാതെ സംസ്ഥാനത്ത് കോവിഡ് 19 മുൻകരുതലിന്റെ ഭാഗമായി ആൾക്കൂട്ടങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേക നിർദ്ദേശം ഉള്ളതിനാലും വെടിക്കെട്ടിന് അനുമാതി നൽകാൻ കഴിയില്ലെന്ന് അഡീഷ്ണൽ ജില്ലാ മജിസ്ട്രേറ്റ് അറിയിച്ചു.

## കോവിഡ് 19; നിരീക്ഷണത്തിലുള്ളവർക്കും കുടുംബത്തിനും സൗകര്യങ്ങളൊരുക്കി പുന്നയൂർക്കുളം പഞ്ചായത്ത്

പുന്നയൂർക്കുളം പഞ്ചായത്ത് പരിധിയിൽ കോവിഡ് 19 ആശങ്കയിൽ നിരീക്ഷണത്തിൽ ഉള്ളവർക്കും വീട്ടുക്കാർക്കും വേണ്ട സൗകര്യങ്ങൾ പഞ്ചായത്ത് ഉറപ്പാക്കും. 207 പേരാണ് നിലവിൽ വീടുകളിൽ നിരീക്ഷണത്തിലുള്ളത്. കോവിഡ് 19 പ്രതിരോധനത്തിന്റെ ഭാഗമായി പുന്നയൂർക്കുളം പഞ്ചായത്തുതല അവലോകന യോഗത്തിലാണ് തീരുമാനം. പഞ്ചായത്ത് പ്രസിഡന്റ് എ. ഡി ധനീപ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

രോഗവ്യാപനം നടയുന്നതിനായി പ്രതിരോധ പ്രവർത്തനങ്ങൾ തുടരണമെന്ന് യോഗം വിലയിരുത്തി. അതിനായി ആരോഗ്യ വിഭാഗത്തിലെയും പഞ്ചായത്തിലേയും ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും. അടിയന്തര ആവശ്യങ്ങൾക്ക് സഹായത്തിന് ആളില്ലാത്തവർക്കും, നിരീക്ഷണത്തിലുള്ളവർ പുറത്തിറക്കിയാൽ അറിയിക്കുന്നതിനും, വിശദ വിവരങ്ങൾ അറിയാനുമായി 24 മണിക്കൂർ പ്രവർത്തനക്ഷമമായ പഞ്ചായത്ത് ഹെൽപ്പ് സെന്റർ ഉടൻ ആരംഭിക്കും. വാർഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഡ് മെമ്പർ, ഹെൽത്ത് ഇൻസ്പെക്ടർ, ജെ.എച്ച്.ഐ, ആശ വർക്കർമാർ, അങ്കണവാടി ടീച്ചേർഴ്സ്, ആരോഗ്യ പ്രവർത്തകർ എന്നിവരടങ്ങുന്ന ഒരു മോണിറ്ററിംഗ് സമിതി പ്രവർത്തിക്കും.

പഞ്ചായത്തിലെ തീരദേശ മേഖലയടങ്ങുന്ന ആറ് വാർഡുകളിൽ പ്രത്യേക ശ്രദ്ധ ചെലുത്താനും യോഗം തീരുമാനിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ ബന്ധപ്പെട്ട തൊഴിലുടമകൾക്ക് നിർദ്ദേശം നൽകി. അങ്കണവാടി കുട്ടികൾക്ക് പോഷകാഹാര കിറ്റ് വീടുകളിലെത്തുന്നത് ഉറപ്പു വരുത്തും. എല്ലാ പ്രവർത്തനങ്ങളുടെയും പുരോഗതി വിലയിരുത്തുന്നതിന് പഞ്ചായത്തുതല ഏകോപന യോഗം ദിവസവും നടത്താനും തീരുമാനമായി.

## ഓൺ ലൈൻ പഠനത്തിന് മാർഗ നിർദ്ദേശങ്ങളുമായി കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല

കോവിഡ് 19 പ്രതിരോധത്തിനായി രാജ്യം ഒറ്റക്കെട്ടായി കരുതലോടെയിരിക്കുന്ന ഈ ഘട്ടത്തിൽ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല അഫിലിയേറ്റഡ് കോളേജ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ഉപകരിക്കുന്ന മാർഗ നിർദ്ദേശങ്ങളുമായി രംഗത്തെത്തി. ക്ലാസ്സുകൾ ഒഴിവാക്കിയതിനാൽ വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നു വിട്ടു നിൽക്കുന്ന സാഹചര്യത്തിലാണ് പഠനം ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മുന്നോട്ട് കൊണ്ട് പോകാൻ സർവകലാശാല നിർദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ, ചെറു

പരീക്ഷകൾ, ഓണലൈൻ നോട്ടുകൾ, വിദ്യഭ്യാസ വീഡിയോകൾ, ക്വിസ്സ് പ്രോഗ്രാമുകൾ, ഓൺലൈൻ അസൈൻമെന്റുകൾ, വീഡിയോ കോൺഫറൻസിംഗ് ഉപയോഗിച്ചുള്ള പരിപാടികൾ, മൂഡിൽ പോലുള്ള ആധുനിക ലേണിംഗ് ഫ്ളാറ്റ് ഫോമുകൾ വഴി വിതരണം ചെയ്യാവുന്ന മോഡ്യൂളുകൾ, ആപ്പുകളായി രൂപപ്പെടുത്തിയ പഠന സഹായ സാമഗ്രികൾ എന്നിങ്ങനെ വൈവിധ്യമാർന്ന അധ്യാപന പഠന സംവിധാനങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തും. ആരോഗ്യ സർവകലാശാല നൂതന വിദ്യാഭ്യാസ രീതികളിൽ പരിശീലനം നൽകിയിട്ടുള്ള ഇരുന്നൂറോളം അധ്യാപകരുടെ സേവനം വർക്ക് ഫ്രം ഹോം മാതൃകയിൽ ഉപയോഗപ്പെടുത്താനുമാണ് സർവ്വകലാശാല ലക്ഷ്യമിടുന്നതെന്ന് സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹൻ കുന്ന മ്മേൽ അറിയിച്ചു.

## നിരീക്ഷണത്തിലുള്ളവർക്ക് പുന്നയൂർക്കുളം പഞ്ചായത്തിന്റെ ഹെൽപ് ലൈൻ ഡസ്ക്ക്

കോവിഡ് 19 പടരുന്ന സാഹചര്യത്തിൽ പുന്നയൂർക്കുളം പഞ്ചായത്ത് ഹെൽപ് ലൈൻ നമ്പർ സജ്ജീകരിച്ചു. 0487 2542243 എന്നതാണ് നമ്പർ. മരുന്ന്, ഭക്ഷണം, അടിയന്തരാവശ്യങ്ങൾ, സഹായത്തിനാളില്ലാത്തവർ എന്നിവർക്ക് സഹായമെത്തിക്കാനും മറ്റു വിവരങ്ങൾക്കുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന പഞ്ചായത്ത് ഹെൽപ്പ് ലൈനിലേക്ക് വിളിക്കാം. ഹോം കെയറിലുള്ളവരെയും കുടുംബത്തേയും ഒറ്റപ്പെടുത്താതിരിക്കാനാണ് ഇതെന്ന് പഞ്ചായത്ത് പ്രസിഡന്റ് എ. ഡി ധനീപ് അറിയിച്ചു. നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ഏത് ആവശ്യങ്ങൾക്കും വിളിക്കാം.

നിരീക്ഷണത്തിൽ കഴിയുന്ന പ്രവാസികളും സ്വദേശവാസികളും സമൂഹത്തിൽ രോഗം പടരുന്നത് തടയുന്നതിന്റെ ഭാഗമായി വീടുകളിൽ കഴിയുന്നവരാണ്. ദിവസങ്ങൾ തനിച്ച് ഒരു മുറിയിൽ കഴിയേണ്ടി വരുന്നത് പലർക്കും മാനസിക സമ്മർദ്ദങ്ങൾ സൃഷ്ടിച്ചേക്കാം. എന്നാൽ അത് മറികടക്കുന്നതിനായി വായന, വ്യായാമം, ചിട്ടയായ ഭക്ഷണക്രമം, മതിയായ ഉറക്കം തുടങ്ങിയ ആരോഗ്യകരമായ ശീലങ്ങൾ തുടരണമെന്ന് അധികൃതർ നിർദ്ദേശിച്ചു.

## കോവിഡ് 19: ലോക്ക് ഡൗൺ; തീരദേശങ്ങളിൽ ആളൊഴിഞ്ഞു

സംസ്ഥാനത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ ജില്ലയുടെ പടിഞ്ഞാറൻ മേഖലയും പ്രാന്തപ്രദേശങ്ങളും ആളൊഴിഞ്ഞു. ചുരുക്കം ചില യാത്രക്കാരൊഴിച്ചാൽ നിരത്തുകൾ ഒഴിഞ്ഞ നിലയിലാണ്. പകുതിയിലേറെ വ്യാപാരസ്ഥാപനങ്ങളും തുറന്നില്ല. അഴീക്കോട്-മുനമ്പം ബോട്ട് സർവീസ് നിർത്തിയതും പൊതുഗതാഗത സംവിധാനങ്ങൾ അവസാനിപ്പിച്ചതും തിരക്ക് കുറച്ചു. കേരളത്തിന്റെ പ്രധാന ഉത്സവമായ മീനഭരണി മഹോത്സവത്തിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെ തുടർന്ന് കൊടുങ്ങല്ലൂർ നഗരവും ശ്രീകുരുമ്പക്കാവും ആളൊഴിഞ്ഞ നിലയിലായി. പതിവായി ലക്ഷകണക്കിനാളുകളാണ് മീനഭരണി ഉത്സവത്തിന് കൊടുങ്ങല്ലൂരിൽ എത്താറ്.

ആളുകൾ പുറത്തിറങ്ങുന്നത് നിരീക്ഷിക്കാൻ പോലീസും ആരോഗ്യവകുപ്പും പഞ്ചായത്ത്/നഗരസഭ അധികൃതരും രംഗത്തുണ്ട്. കൈപ്പമംഗലം, എടത്തിരുത്തി, പെരിഞ്ഞനം, എറിയാട്, ചളിങ്ങാട്, കാക്കാത്തുരുത്തി എന്നീ മേഖലകളിൽ ചൊവ്വാഴ്ച രാവിലെ അവശ്യ സർവീസുകളുടെ ഗണത്തിൽപ്പെടാത്ത വ്യാപാര സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചിരുന്നത് പൊലീസും അധികൃതരും ഇടപെട്ട് അടപ്പിച്ചു. ഹോട്ടലുകളിൽ വന്നിരുന്നു ഭക്ഷണം കഴിക്കുന്നത് ഒഴിവാക്കാൻ നിർദേശം ഉള്ളതിനാൽ ഹോട്ടലുകളുടെ പ്രവർത്തനവും ഭാഗികമാണ്. അഴീക്കോട് ഹാർബർ മാർച്ച് 31 വരെ അടച്ചിടാൻ തൊഴിലാളികളും ജീവനക്കാരും തീരുമാനിച്ചു. മേഖലയിൽ മത്സ്യവിപണിയും നിർജ്ജീവമാണ്. ഫീഷറീസ് വകുപ്പിന്റെ ഉത്തരവനുസരിച്ച് പ്രദേശത്തെ മീൻപി ടുത്ത തുറമുഖങ്ങളിൽ ലേല നടപടികൾ നിർത്തിയതോടെ പ്രധാന മീൻപിടുത്ത കേന്ദ്രങ്ങളായ അഴീക്കോട് ജെട്ടി, എടവിലങ്ങ്, കാര, വഞ്ചിപ്പുര ബീച്ച്, വാടാനപ്പള്ളി എന്നിവിടങ്ങളിലെ മീൻ വിൽപ്പനയെ കാര്യമായി ബാധിച്ചു. തിങ്കളാഴ്ച മുതൽക്കേ തന്നെ ഭൂരിഭാഗം മത്സ്യബന്ധന യാനങ്ങളും കടലിൽ ഇറങ്ങിയിട്ടില്ല.

നിരത്തുകളിൽ സ്വകാര്യ വാഹനങ്ങളിൽ അനാവശ്യമായി കറങ്ങി നടന്നിരുന്നവരെ പോലീസ് താക്കീത് നൽകി വിട്ടയച്ചു. അല്ലാത്തവരെ ബോധവൽക്കരിച്ചു.

അണുനശീകരണപ്രവർത്തനങ്ങളും സജീവമായി നടക്കുന്നു. പൊതുഗതാഗതം ഇല്ലാത്തതിനാൽ ആളുകൾ ഓട്ടോറിക്ഷകളെ ആശ്രയിക്കുന്നുണ്ട്.

ആളുകൾ കൂട്ടമായി വരുന്നത് ഒഴിവാക്കാൻ ഓട്ടോറിക്ഷ ഡ്രൈവർമാരോട് മിതത്വം പാലിച്ച് സ്റ്റാൻഡിൽ കിടന്നാൽ മതിയെന്ന് പോലീസ് കർശന നിർദ്ദേശം നൽകി.

ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ അതത് പ്രദേശവാസികളെ കണ്ടു ബോധവൽക്കരണവും നോട്ടീസ് വിതരണവും നടത്തുന്നുണ്ട്. ഒറ്റക്ക് താമസിക്കുന്ന ആളുകളെ വീടുകളിൽ നേരിട്ട് പോയി സന്ദർശിക്കുന്നു. അനാവശ്യമായി കറങ്ങി നടക്കുന്നവർക്കെതിരെ ഇനി മുതൽ കർശന നടപടി സ്വീകരിക്കുമെന്ന് അധികൃതർ അറിയിച്ചു.

## മാറ്റി വച്ചു

തൃശൂർ പൂരത്തിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് മാർച്ച് 26 വൈകീട്ട് നാലിന് നടത്താനിരുന്ന യോഗം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീടറിയിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## റീടെണ്ടർ

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ 2020 ഏപ്രിൽ ഒന്നു മുതൽ 2021 മാർച്ച് 31 വരെ മിൽമ ബൂത്ത് നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ രണ്ട്. ഫോൺ: 04884 235214.

# തുടരും